LIBRARY ARCHIVES Kerala Legislative Assembly

പി.എം.ജി.എസ്.വൈ.-2

37 (3239) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്. വൈ.-2 പ്രകാരം സംസ്ഥാനത്തിന് 2013-ൽ കേന്ദ്രഗ്രാമവികസന മന്ത്രാലയം അനുവദിച്ച 570 കി. മീ. റോഡിന്റെ ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചുവോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) മറ്റ് സംസ്ഥാനങ്ങൾ ഡി.പി.ആർ സമർപ്പിച്ച് പി.എം.ജി.എസ്.വൈ. -2 പ്രകാരം ഫണ്ട് വാങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇതുവരെയായി പി.എം.ജി.എസ്.വൈ.-2 പ്രകാരം സംസ്ഥാന സർക്കാരിന് എത്ര ഫണ്ട് ലഭിച്ചെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സമർപ്പിച്ചിട്ടില്ല. ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ച് വരുന്നു. 2015 ഡിസംബർ 31-ന് മുമ്പ് ഡി.പി.ആർ. സമർപ്പിക്കണമെന്നാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) 2015 ഡിസംബർ മാസം 30-ന് മുമ്പ് ഡി.പി.ആർ. തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഫണ്ട് ഒന്നും ലഭിച്ചിട്ടില്ല.

മലയോര വികസന ഏജൻസിയുടെ പ്രവൃത്തികൾ

38 (3240) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-ൽ മലയോര വികസന ഏജൻസി രൂപീകരിച്ച ശേഷം ഓരോ സാമ്പത്തിക വർഷവും കോഴിക്കോട് ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങളും ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക എത്രയാണെന്നും ഓരോ പ്രവൃത്തിയും ഏത് നിയോജക മണ്ഡലത്തിലാണ് ഉൾപ്പെട്ടതെന്നും വ്യക്തമാക്കുമോ;

(ബി) ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ എത്ര പ്രവൃത്തികൾക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ഭരണാനുമതി റദ്ദാക്കിയ ഏതെങ്കിലും പ്രവൃത്തികളുണ്ടോ; ഏങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2012-ൽ മലയോര വികസന ഏജൻസി രൂപീകരിച്ചശേഷം ഓരോ സാമ്പത്തിക വർഷവും കോഴിക്കോട് ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്തിൽ മൂന്ന് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ ഭരണാനുമതി നൽകിയ ഗ്രാമീണ റോഡുകളുടെ വികസന പദ്ധതിയിൽ ഏറ്റെടുത്ത പ്രവൃത്തിയുടെ ഭരണാനുമതി റദ്ദുചെയ്യുകൊണ്ടും ആർ.ഐ.ഡി.എഫ്.-ൽ ഏറ്റെടുത്തിട്ടുള്ള താഴെപ്പറയുന്ന പ്രവൃത്തി നിർത്തിവെയ്ക്കുന്നതിനും മലയോര വികസന ഏജൻസിയിൽ നിന്നും ഉത്തരവ് നൽകിയിട്ടുണ്ട്.

1. പള്ളരുത്തിമുക്ക്-നരേന്ദ്രദേവ്-ആദിവാസി കോളനി റോഡ് (ഗ്രാമീണ റോഡ് വികസനം)
2. പെരുവണ്ണാമുഴി-മുതുകാട് റോഡ് (ആർ.ഐ.ഡി.എഫ്.)

പൊതുജന ആക്ഷേപം ഉണ്ടായതിന്റെ വെളിച്ചത്തിൽ മലയോര വികസന ഏജൻസി ചെയർമാന്റെ നിർദ്ദേശ പ്രകാരമാണ് ഭരണാനുമതി റദ്ദുചെയ്യുകൊണ്ടും പ്രവൃത്തി നിർത്തിവച്ചുകൊണ്ടും മലയോര വികസന ഏജൻസിയിൽ നിന്നും ഉത്തരവ് നൽകിയിട്ടുള്ളത്.

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് സാദ്ധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly